# പതിമൂന്നാം കേരള നിയമസഭ
## പതിന്നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2644     09.07.2015 ൽ മറുപടിക്ക്**

**പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ നവീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ വി കെ ഇബ്രാഹീം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ നവീകരണത്തിനും, അറ്റകുറ്റപ്പണികൾക്കുമായി 1-7-2011 മുതൽ 31-5-2015 വരെ എത്ര തുകയാണ് അനുവദിച്ചത്; | എ) പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ നവീകരണത്തിനും, അറ്റകുറ്റപ്പണികൾക്കുമായി **1-7-2011** മുതൽ **31-5-2015** വരെ ദേശീയപാത വിഭാഗത്തിൻ കീഴിൽ **5669.73** കോടി രൂപയും, നിരത്തു വിഭാഗത്തിൻ കീഴിൽ **400,18,09,688/-** രൂപയും (നാനൂറ് കോടി പതിനെട്ട് ലക്ഷത്തി ഒൻപതിനായിരത്തി അറുനൂറ്റി എൺപെത്തി എട്ടു രൂപ) അനുവദിച്ചിട്ടുണ്ട്. |
| ബി) ഓരോ റോഡുകളുടെയും നവീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം നൽകാമോ; | ബി) ഓരോ റോഡുകളുടെയും നവീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) കാലവർഷത്തിന് മുന്നോടിയായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനായി അടിയന്തര ധനസഹായം ലഭ്യമാക്കുമോ ; വിശദാംശം നൽകാമോ ? | സി) കാലവർഷത്തിന് മുന്നോടിയായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് നിരത്തുകളുടെ അറ്റകുറ്റപ്പണികൾക്കായി 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്